# പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 5745** **02.07.2019 ലെ മറുപടി**

## കല്ലട ജലസേചന പദ്ധതി

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീമതി.പി. അയിഷാ പോറ്റി<br>ശ്രീ.ബി.ഡി. ദേവസ്സി<br>,, ആന്റണി ജോൺ<br>,, പി.കെ. ശശി : | കെ.കൃഷ്ണൻകുട്ടി<br>(ജലവിഭവ വകുപ്പുമന്ത്രി) |
| (എ) കല്ലട ജലസേചന പദ്ധതിയുടെ പ്രയോജനം വിശകലനം ചെയ്തിട്ടുണ്ടോ; എങ്കിൽ ജലസേചനത്തിനു പുറമേ കൊല്ലം കോർപറേഷൻ പരിധിയിലും സമീപ പഞ്ചായത്തുകളിലെയും കുടിവെള്ളക്ഷാമം അതിജീവിക്കാൻ വേണ്ട ജലം ലഭ്യമാക്കുന്നതിനു കൂടി പദ്ധതിക്ക് സാധ്യമായിട്ടുണ്ടോ; | (എ) വിശകലനം ചെയ്തിട്ടുണ്ട്. കല്ലട ജലസേചന പദ്ധതിയുടെ ഭാഗമായ തെന്മല ഡാമിന്റെ ഇടതു വലതുകര കനാലുകളിലൂടെ ജലസേചനം നടത്തുന്നതുമൂലം 3 ജില്ലകളിലെ (കൊല്ലം, പത്തനംതിട്ട, ആലപ്പുഴ) 92 പഞ്ചായത്തുകളിൽ ജലസേചനം, കുടിവെള്ളം എന്നിവയ്ക്കു ഫലപ്രദമായ പരിഹാരം കാണുവാൻ കഴിഞ്ഞിട്ടുണ്ട്. കഴിഞ്ഞ വർഷം (2018) കൊല്ലം കോർപ്പറേഷനും അനുബന്ധ പഞ്ചായത്തുകൾക്കും കുടിവെള്ളം ലഭ്യമാക്കിയിരുന്നു. ശാസ്താംകോട്ട തടാകത്തിലെ ജലദൗർലഭ്യം മൂലം കല്ലട ജലസേചന പദ്ധതിയുടെ വലതുകര കനാലിന്റെ ബ്രാഞ്ച് കനാലായ ശാസ്താംകോട്ട ബ്രാഞ്ച് കനാലിന്റെ ചവറ ഡിസ്ട്രിബ്യൂട്ടറിയിൽനിന്ന് കേരള വാട്ടർ അതോറിറ്റിക്ക്, ജലവിതരണം ആരംഭിച്ചതുമുതൽ ജലം കൊടുത്തിട്ടുണ്ട്. ആയതുമൂലം കൊല്ലം കോർപ്പറേഷനും അനുബന്ധ പഞ്ചായത്തുകൾക്കും കുടി വെള്ളത്തിന്റെ ക്ഷാമത്തിന് പരിഹാരം കാണാൻ കഴിഞ്ഞിട്ടുണ്ട്. |

(ബി) തൃശ്ശൂർ, എറണാകുളം ജില്ലകളിലെ വിവിധ പ്രദേശങ്ങളിലെ ജലസേചനത്തിനും കുടിവെള്ള ക്ഷാമം പരിഹരിക്കാനും ഉപയുക്തമായ ഇടമലയാർ ഇറിഗേഷൻ പ്രോജക്ടിന്റെ ഇടതുകര ലിങ്ക് കനാൽ പൂർത്തീകരിക്കാനുള്ള പ്രവൃത്തി എത്രയും പെട്ടെന്ന് പൂർത്തിയാക്കാൻ വേണ്ട നടപടി സ്വീകരിക്കുമോ;

(ബി) സാമ്പത്തിക സാങ്കേതിക പ്രായോഗികത പരിശോധിച്ച് നടപടിയെടുക്കുന്നതിനു തീരുമാനിച്ചിട്ടുണ്ട്.

(സി) പാലക്കാട് ജില്ലയിലെ മഴനിഴൽ പ്രദേശങ്ങളിലെ ജലക്ഷാമം പരിഹരിക്കാൻ ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ എന്തെല്ലാമാണ്;

(സി) ചിറ്റൂർപ്പുഴ പദ്ധതി ഡിവിഷന്റെ പരിധിയിൽ ഉൾപ്പെടുന്ന മൂലത്തറ വലതുകര കനാൽ ദീർഘിപ്പിക്കൽ പദ്ധതി പാലക്കാട് ജില്ലയിലെ മഴനിഴൽ പ്രദേശമായ കൊഴിഞ്ഞാമ്പാറ മേഖലയിലെ ജലക്ഷാമം പരിഹരിക്കാൻ വിഭാവനം ചെയ്തിട്ടുള്ളതാണ്. പ്രസ്തുത പദ്ധതിയുടെ ഒന്നാം ഘട്ടമായി കോരയാർ മുതൽ വരട്ടയാർ വരെയും രണ്ടാംഘട്ടമായി വരട്ടയാർ മുതൽ വേലന്താവളം വരെയും ദീർഘിപ്പിക്കാനാണ് ഉദ്ദേശിക്കുന്നത്. പ്രസ്തുത പദ്ധതിയുടെ നിർവഹണ ചുമതല കേരള ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്മെന്റ് കോർപ്പറേഷനാണ് (KIIDC). നിലവിൽ പദ്ധതിക്കായുള്ള സ്ഥലമേറ്റെടുക്കൽ നടപടികൾ പുരോഗമിച്ചുവരുന്നു.

ജലനിധി പദ്ധതിയുടെ ഒന്നാംഘട്ട പ്രവർത്തനങ്ങളുടെ ഭാഗമായി പാലക്കാട് ജില്ലയിലെ മഴനിഴൽ പ്രദേശങ്ങളിൽ താഴെപറയുന്ന വിവിധ ചെറുകിട കുടിവെള്ള പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്.

| | | |
|---|---|---|
| അഗളി | - | 50 എണ്ണം |
| പുതൂർ | - | 34 എണ്ണം |
| ഷോളയൂർ | - | 24 എണ്ണം |
| കൊഴിഞ്ഞാമ്പാറ | - | 2 എണ്ണം |

കൂടാതെ അട്ടപ്പാടി മേഖലയിലെ ഐ.സി.ഡി.എസ്. പ്രോജക്ടിന്റെ കീഴിലുള്ള 175 അംഗനവാടികളിൽ കുടിവെള്ള വിതരണം പുന:സ്ഥാപിക്കുന്നതിന്റെ ഭാഗമായി 46 അംഗനവാടികൾക്ക് കുഴൽ കിണറുകളും 6 അംഗനവാടികളിൽ തുറന്ന കിണറുകളും

ബാക്കിയുള്ള 103 അംഗനവാടികളിൽ നിലവിലുള്ള പദ്ധതികളിൽനിന്നും കുടിവെള്ളം എത്തിക്കുന്നതിനാവശ്യമായ പദ്ധതികൾ 2017-18 സാമ്പത്തിക വർഷത്തിൽ പൂർത്തീകരിച്ചിട്ടുണ്ട്.

| | | |
|---|---|---|
| (ഡി) | കാഡയുടെ പ്രവർത്തനം കാര്യക്ഷമമാക്കാൻ സ്വീകരിച്ച നടപടികൾ അറിയിക്കാമോ? | കാഡാ ഫീൽഡു ചാനലുകളുടെ നവീകരണത്തിനായി 2018-19 സാമ്പത്തിക വർഷത്തിൽ ചിറ്റൂർപ്പുഴ പദ്ധതിക്കായി 3 കോടി രൂപയും മലമ്പുഴ പദ്ധതിക്ക് 64 ലക്ഷം രൂപയും പോത്തുണ്ടി പദ്ധതിക്ക് 25 ലക്ഷം രൂപയും മംഗലം പദ്ധതിക്ക് 1.10 കോടി രൂപയും ചേരാമംഗലം സ്കീമിന് 2 കോടി രൂപയും ബഡ്ജറ്റിൽ വകയിരുത്തിയിരുന്നു. ചിറ്റൂർപ്പുഴ പദ്ധതിയിൽ പ്രസ്തുത പ്രവൃത്തികളുടെ ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് പ്രവൃത്തികൾ നടപ്പിലാക്കി വരുന്നു. മലമ്പുഴ, മംഗലം, പോത്തുണ്ടി, ചേരാമംഗലം പദ്ധതികളിൽ 85% പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്.<br>കാഡാ പ്രവൃത്തികൾക്കായി 2019-20 സാമ്പത്തിക വർഷത്തിൽ ചിറ്റൂർപ്പുഴ പദ്ധതിക്ക് 5 കോടി രൂപയും മലമ്പുഴ പദ്ധതിക്ക് 2.50 കോടി രൂപയും പോത്തുണ്ടി പദ്ധതിക്ക് 1.50 കോടി രൂപയും മംഗലം പദ്ധതിക്ക് 50 ലക്ഷം രൂപയും ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്. പ്രസ്തുത പദ്ധതികൾക്കായുള്ള DPR അംഗീകാരത്തിനുള്ള നടപടികൾ കൈക്കൊണ്ടുവരുന്നു. കൂടാതെ മൂവാറ്റുപുഴ പദ്ധതിയുടെ കാഡ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി 17 കർഷക സമിതികൾ രജിസ്റ്റർ ചെയ്യുന്നതിന് നടപടി അന്തിമഘട്ടത്തിലാണ്. കൂടാതെ 10 കോടി രൂപ കാഡ പദ്ധതിയുടെ പ്രവർത്തനത്തിന് അനുവദിച്ചിട്ടുണ്ട്. ആയതിൻ പ്രകാരം ആദ്യ ഘട്ടമായി 3 കോടി രൂപയുള്ള 42 പ്രവർത്തനങ്ങൾക്ക് എസ്റ്റിമേറ്റ് തയ്യാറാക്കുകയും അതിൽ 27 പ്രവൃത്തികൾ ത്വരിതപ്പെടുത്തുകയും ബാക്കിയുള്ളവയുടെ പ്രവർത്തനങ്ങൾ നടന്നുവരികയും ചെയ്യുന്നു. |

**സെക്ഷൻ ഓഫീസർ**